**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6654** **11-11-2021 - ൽ മറുപടിയ്ക്ക്**

**വയോജനങ്ങൾക്കായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വയോജനങ്ങൾക്ക് ഒന്നിച്ചിരിക്കാനും പരസ്പരം സംസാരിക്കാനുമായി ആരംഭിച്ച 'സായംപ്രഭ' മാതൃക പകൽ വീട്ടുകൾ ഇപ്പോൾ ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കിയതെന്ന് അറിയിക്കാമോ; ആയത് എല്ലാ ജില്ലകളിലും തുടർന്ന് ബ്ലോക്ക് തലങ്ങളിലും ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം നല്കുമോ; | (എ) | (എ) തിരുവനന്തപുരം, കോഴിക്കോട്, ജില്ലകളിലാണ് മാതൃക സായംപ്രഭാ ഹോം പദ്ധതി നടപ്പാക്കിയിട്ടുള്ളത്. എല്ലാ ജില്ലകളിലും പത്ത് വീതം സായംപ്രഭാ ഹോമുകൾ പഞ്ചായത്തുകളുടെ സഹായ സഹകരണത്തോടെ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. COVID-19 വ്യാപന ഭീഷണി പൂർണ്ണമായും മാറി വയോജനങ്ങൾക്ക് നേരിട്ട് പകൽവീട്ടുകളിൽ എത്താൻ സാധിക്കുന്ന സാഹചര്യം വരുന്ന മുറയ്ക്ക് കൂടുതൽ പഞ്ചായത്തുകളിൽ സായം പ്രഭാ ഹോം പദ്ധതി ആരംഭിക്കാനും അത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മാതൃക സായംപ്രഭ ഹോമുകളുടെ നിലവാരത്തിലേക്ക് ഉയർത്തി കൂടുതൽ വയോജനങ്ങൾക്ക് ഇതിന്റെ സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | വൃദ്ധസദനങ്ങളുടെ സൗകര്യങ്ങളും സേവനങ്ങളും ദേശീയ നിലവാരത്തിലേക്കുയർത്തുന്ന 'സെക്കൻഡ് ഇന്നിങ്സ് ഹോം' പദ്ധതിയുടെ വിശദാംശം നല്കാമോ; ആയത് നിലവിൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്; ടി പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വ്യക്തമാക്കാമോ; | (ബി) | വൃദ്ധസദനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി സേവനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തി താമസക്കാരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ 2019 മുതൽ കണ്ണൂർ സർക്കാർ വൃദ്ധസദനത്തിൽ പൈലറ്റ് അടിസ്ഥാനത്തിൽ 'സെക്കന്റ് ഇന്നിംഗ്സ് ഹോം' പദ്ധതി ആരംഭിക്കുകയും, പിന്നീട് കൊല്ലം, തവനൂർ സർക്കാർ വൃദ്ധസദനങ്ങളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിൽ മറ്റു വൃദ്ധസദനങ്ങളിലേക്ക് കൂടി ടി പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന വയോജനങ്ങൾക്കായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ? | (സി) | ജോലി ചെയ്യാൻ താല്പര്യമുള്ള വയോജനങ്ങൾക്കായി കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം 'സെക്രെട്' എന്ന വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ തൊഴിൽ നൈപുണ്യ വകുപ്പിന്റെ നേതൃത്വത്തിൽ സ്വയംതൊഴിൽ ചെയ്യാൻ ആഗ്രഹിക്കുന്ന മുതിർന്ന പൗരന്മാർക്ക് വായ്പാ |

| | | | |
|---|---|---|---|
| | | | സഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്, സാമൂഹ്യനീതി വകുപ്പ് ഈ മേഖലയിൽ നൂതന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ